File No.SJD/689/2021-C1

സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: ഷീബ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം. എസ്ജെഡി/689/2021-സി1

തിരുവനന്തപുരം,
തീയതി. 22/02/2021

വിഷയം: സാ.നീ.വ. - പ്രൊബേഷൻ & ആഫ്റ്റർ കെയർ സർവ്വീസസ് - പ്രൊബേഷൻ ഓഫീസ്, പാലക്കാട് - നേർവഴി പദ്ധതി - വ്യക്തിഗത വികസന ശില്പശാല - പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവാകുന്നു.

പരാമർശം : പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസറുടെ 02/02/2021 – ലെ പി.കെ.ഡി/ഡി.പി.ഒ/540/19 നം. പ്രൊപ്പോസൽ.

നേർവഴി പദ്ധതിയുടെ ഭാഗമായി നേർവഴി ഗുണഭോക്താക്കൾക്ക് വ്യക്തിഗത വികസനവും, ജീവിത നൈപുണ്യവും അടങ്ങുന്ന ഏകദിന ശില്പശാല സംഘടിപ്പിക്കുന്നതിനുള്ള അംഗീകാരത്തിനും തുടർനടപടികൾക്കുമായി പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസർ പരാമർശ പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

**പദ്ധതി ലക്ഷ്യങ്ങൾ**

1. സ്ഥിരം കുറ്റവാളികളാകുന്നതിൽ നിന്നും നേർവഴി ഗുണഭോക്താക്കളെ പിൻതിരിപ്പിക്കുക.

2. ആദ്യമായി കുറ്റാരോപിതരാവുന്നവർക്ക് തുടർന്ന് കുറ്റകൃത്യങ്ങളിൽ പെടാതെ സമൂഹത്തിൽ അവരുടെ പുനരധിവാസം സാധ്യമാക്കുക.

3. ശരി തെറ്റുകളുടെ തിരിച്ചറിവിന് പ്രാപ്തരാക്കുന്നു.

**ധനകാര്യ വിശകലനം**

പരിശീലകർക്കുള്ള ഹോണറേറിയം - 2500
ഹാൾവാടക - 3000

പങ്കെടുക്കുന്നവർക്കുള്ള ഉച്ച ഭക്ഷണവും

റിഫ്രഷ്മെന്റും (200* 50) - 10000

ബാനർ നോട്ടീസ് എന്നിവ - 2000

മറ്റ് ചെലവുകൾ - 2500

**ആകെ = 20000**

**നിർവ്വഹണം**

സെന്റർ ഫോർ ലൈഫ് സ്കിൽസ് ലേർണിംഗ് എന്ന സന്നദ്ധ സംഘടനയുടെ

**File No.SJD/689/2021-C1**

പ്രൊഫഷണൽ ട്രെയിനർമാരുടെ സഹകരണത്തോടുകൂടി പാലക്കാട് ജില്ലാ പ്രൊബേഷൻ ആഫീസ് നടത്തുന്ന പരിപാടി.

**നേട്ടങ്ങൾ**

1. യുവ കുറ്റവാളികളിൽ / കുറ്റാരോപിതരിൽ ജയിൽ ജീവിതത്തിന് ശേഷം സമൂഹവുമായി ഇടപെടൽ എളുപ്പമാവും.

2. കുറ്റകൃത്യം ചെയ്യാനുള്ള പ്രവണത കുറയും.

3. വ്യക്തിത്വ വികസനം സാധ്യമാകുന്നു.

മേൽ പ്രോജക്റ്റ് വ്യക്തികളുടെ കുറ്റകൃത്യത്തിന് കാരണമായ സാഹചര്യങ്ങളെ അതിജീവിക്കുന്നതിനുള്ള മാനസീക പിന്തുണ നൽകുകയും , അവരുടെ മാനസീക സംഘർഷം കുറയ്ക്കുന്നതിനും വൈകാരിക ബുദ്ധി കൂട്ടുന്നതിനും സഹായകരമാകുമെന്നതിനാലും, പ്രസ്തുത ശില്പശാലയ്ക്കായി നേർവഴി പദ്ധതിയിലെ കംപോണന്റ് നം. 19 – ൽ ( Programme for Beneficiaries including Literary Camps, IEC Board making etc.) തുക വകയിരുത്തിയിട്ടുള്ളതിനാലും ടി പ്രോജക്റ്റ് അംഗീകരിക്കാവുന്നതാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ, നേർവഴി പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് വ്യക്തിഗത വികസനവും, ജീവിത നൈപുണ്യവും അടങ്ങുന്ന ഏകദിന ശില്പശാല സംഘടിപ്പിക്കുന്നതിനായി പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചും , ഇതിലേയ്ക്കാവശ്യമായ 20,000/- രൂപാ ( ഇരുപതിനായിരം രൂപാ മാത്രം) നേർവഴി പദ്ധതിയിലെ കംപോണന്റ് നം. 19 – ൽ ( Programme for Beneficiaries including Literary Camps, IEC Board making etc.) വകയിരുത്തിയിട്ടുള്ള 5,00,000/- രൂപയിൽ നിന്നും പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസറുടെ പേരിൽ അനുവദിച്ചും ഉത്തരവാകുന്നു . ടി തുക പാലക്കാട് ജില്ലാ സാമൂഹ്യനീതി ഓഫീസർ പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് കൈമാറേണ്ടതാണ്.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തിലെ 2235-02-106-93 (പ്ലാൻ) എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

(ഒപ്പ്)

സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ

ജില്ലാ സാമൂഹ്യനീതി ഓഫീസർ, പാലക്കാട്

പകർപ്പ് :

1. ജില്ലാ പ്രൊബേഷൻ ഓഫീസർ, പാലക്കാട്
2. സൂപ്രണ്ട്, എ/പ്ലാനിംഗ് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്